പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2654 | 10.12.2014- ൽ മറുപടിക്ക് |
|---|---|

## അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കളുടെ വിൽപന തടയാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | നമ്മുടെ സംസ്ഥാനത്ത് വിൽപ്പനയ്ക്കായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറി, മാംസം മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിൽ അനുവദനീയമായതിനേക്കാൾ കൂടിയ അളവിൽ വിഷവസ്തുക്കളും കീടനാശിനികളും അടങ്ങിയിട്ടുണ്ടെന്നതും ആയത് ഗുരുതരമായ കാൻസർ, കിഡ്നി രോഗങ്ങൾ മുതലായവയ്ക്ക് കാരണമാകുന്നുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നുംകൊണ്ട് വരുന്ന മാരകമായ അളവിൽ വിഷം കലർന്ന ഭക്ഷ്യവസ്തുക്കൾ ചെക്ക് പോസ്റ്റുകളിൽ നിന്ന് തന്നെ മടക്കി അയക്കുന്നതിനും ആയവയുടെ വിൽപ്പന സംസ്ഥാനത്ത് കർശനമായി തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | ബി) | നിലവിൽ പച്ചക്കറിയിലും പഴങ്ങളിലുമുള്ള കീടനാശിനിയുടെ അളവ്, പരിശോധനയിലൂടെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് നിലവിൽ ലഭ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധനാഫലം ലഭ്യമാകുന്നതിന് കുറഞ്ഞത് അഞ്ച് മുതൽ ഏഴ് വരെ ദിവസമെങ്കിലും കാലതാമസം നേരിടുന്നുണ്ട്. ടി കാലതാമസം ഒഴിവാക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിൽ ലഭ്യമല്ല. ആയതുകൊണ്ട് തന്നെ സംസ്ഥാനത്ത് വിറ്റഴിക്കുന്ന സംസ്ഥാനത്തിനു പുറത്തു നിന്നു ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളും പഴങ്ങളും ചെക്ക്പോസ്റ്റിലൂടെ കടന്നുവരുമ്പോൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ നേരത്തേ പരാമർശിച്ച അത്രയും കാലം തന്നെ |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ ചെക്ക്പോസ്റ്റുകളിൽ സൂക്ഷിക്കുന്നത് പ്രയോഗികമല്ലാത്തതും കൂടാതെ ടി പച്ചക്കറികളും പഴങ്ങളും മുഴുവനായി തന്നെ കേടുവരുവാൻ സാദ്ധ്യതയുമുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരത്തുള്ള കാർഷിക സർവകാലശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറിയിൽ മാത്രമാണ് കീടനാശിനികളുടെ പരിശോധന നടക്കുന്നത് ആയതുകൊണ്ട് തന്നെ മറ്റു ജില്ലകളിൽ നിന്നും സാമ്പിളുകൾ ഇവിടെ എത്തിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തെ വിപണികളിൽ നിന്ന് പച്ചക്കറി ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുകളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിച്ച്, നിശ്ചിത ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതോ ആയ ഉൽപ്പന്നങ്ങൾ ,വിൽപ്പനയോ വിതരണമോ ഉൽപാദനമോ നടത്തുന്നവർക്കെതിരെ, ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ വേണ്ട കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| സി) | ഇവയുടെ വിൽപന തടയുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | നിലവിൽ പ്രാബല്യത്തിലുള്ള 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ, ഇത്തരത്തിലുള്ള വിപണനം നടത്തുന്നത് തടയുന്നതിനാവാശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

**സെക്ഷൻഓഫീസർ**